''ആരെങ്കിലും സന്മാര്ഗത്തിലേക്ക് (ജനങ്ങളെ) ക്ഷണിച്ചാല്
അതിനെ പിന്തുടരുന്നവരുടെതിന് സമാനമായ പ്രതിഫലം
അവനുണ്ടാകും. അവരുടെ പ്രതിഫലത്തില് നിന്നും ഒട്ടും
കുറയാതെതന്നെ
ُه عَنُْه- റൈറുഹ ൂഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറയുന്നു: ''ആരെങ്കിലും സന്മാര്ഗത്തിലേക്ക്
(ജനങ്ങളെ) ക്ഷണിച്ചാല് അതിനെ പിന്തുടരുന്നവരുടെതിന് സമാനമായ പ്രതിഫലം
അവനുണ്ടാകും. അവരുടെ പ്രതിഫലത്തില് നിന്നും ഒട്ടും കുറയാതെതന്നെ. ആരെങ്കിലും
വഴികേടിലേക്ക് ക്ഷണിച്ചാല് അതിനെ പിന്തുടരുന്നവരുടെതിന് സമാനമായ പാപവും
അവനുണ്ടാകും. അവരുടെ പാപഭാരങ്ങളിൽ നിന്ന് ഒട്ടും കുറയാതെതന്നെ''
[صحيح] [رواه مسلم]
ആരെങ്കിലും ജനങ്ങളെ സത്യവും നന്മയുമുള്ള ഒരു വാക്കിലേക്കോ പ്രവർത്തിയിലേക്കോ
നയിക്കുകയും അതിലേക്ക് അവർക്ക് വഴി കാണിച്ചു കൊടുക്കുകയും ചെയ്താൽ അവന് ആ നന്മയിൽ
അവനെ പിൻപറ്റിയവരുടെ പ്രതിഫലമുണ്ടായിരിക്കുന്നതാണെന്നും, അവനെ പിൻപറ്റിയ വ്യക്തിയുടെ
പ്രതിഫലത്തിൽ യാതൊരു കുറവുമുണ്ടാകാതെ തന്നെ അവനത് ലഭിക്കുന്നതാണെന്നും നബി -صلى الله عليه وسلم-അറിയിക്കുന്നു. ഇനി ഒരാൾ തൻ്റെ വാക്ക് കൊണ്ടോ പ്രവർത്തി കൊണ്ടോ ജനങ്ങളെ
അസത്യത്തിൻ്റെയും തിന്മയുടെയും തെറ്റുകളുടെയും വഴികളിലേക്കാണ് നയിക്കുന്നത് എങ്കിൽ -
അല്ലെങ്കിൽ അനുവദനീയമല്ലാത്ത ഒരു മാർഗമാണ് കാണിച്ചു നൽകുന്നത് എങ്കിൽ- അവനെ
പിൻപറ്റിയവരുടെയെല്ലാം പാപഭാരവും അവന് ഉണ്ടായിരിക്കും. അവരുടെ പാപഭാരം ഒട്ടും കുറയാതെ
തന്നെ.
https://sunnah.global/hadeeth/ml/show/3373